127 (753) ഡോക്ടർമാരെ നിയമിക്കാൻ നടപടി

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കുമാരപുരം, കടയിരുപ്പ്, മഴുവന്നൂർ, പി.എച്ച്. സെന്ററുകളിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇവരുടെ നിയമനം എന്നത്തോയ്ക്ക് നടത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കുമാരപുരം, മഴുവന്നൂർ എന്നീ പി.എച്ച്. സെന്ററുകളിൽ അസിസ്റ്റന്റ് സർജന്റെ ഓരോ തസ്തികകളുള്ളതിൽ കുമാരപുരം പി.എച്ച്.സി.യിൽ കരാർ അടിസ്ഥാനത്തിലും മഴുവന്നൂർ പി.എച്ച്.സി.യിൽ സ്ഥിരം ഡോക്ടറും ജോലി നോക്കുന്നുണ്ട്. കടയിരുപ്പ് പി.എച്ച്.സി.യിൽ അസിസ്റ്റന്റ് സർജന്റെ രണ്ട് തസ്തികയുള്ളതിൽ കരാർ അടിസ്ഥാനത്തിൽ ഒരു ഡോക്ടറും സ്ഥിരമായി ഒരു ഡോക്ടറും ജോലി നോക്കിവരുന്നു. പബ്ലിക് സർവ്വീസ് കമ്മിഷനിൽ നിന്നും നിയമനത്തിനായി ഡോക്ടർമാരുടെ ലിസ്റ്റ് ലഭിച്ചാലുടൻ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ള തസ്തികകളിൽ സ്ഥിരം ഡോക്ടർമാരെ നിയമിക്കുന്നതാണ്.

128 (754) പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രിയിൽ ജീവനക്കാരില്ലാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിത്സിക്കാൻ നടപടി സ്വീകരിക്കുമോ; ആവശ്യമായ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുമോ?

ഉത്തരം

(എ) രാത്രിയിൽ ജീവനക്കാർ നിലവിലുണ്ട്.

(ബി) രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിത്സിച്ചുവരുന്നു. ഡോക്ടർമാരേയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനേയും, നിലവിലുള്ള എല്ലാ തസ്തികകളിലും നിയമിച്ചിട്ടുണ്ട്. ജെ.എച്ച്.ഐ.മാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

129 (755) വല്ലച്ചിറ, കൂർക്കഞ്ചേരി, പാറളം പ്രാഥമികാരോഗ്യാശുപത്രികളുടെ പ്രവർത്തനം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly